# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 മേയ് 29 വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി, ശ്രീമതി കെ.കെ.ശൈലജ ടീച്ചർ

ബഹുമാനപ്പെട്ട ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി കെ കെ ശൈലജ ടീച്ചർ ഇന്ന് കേരളത്തിൽ 62 കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതായി യോഗത്തെ അറിയിച്ചു. കോട്ടയം ജില്ലയിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന പത്തനംതിട്ട സ്വദേശി നിര്യാതനായി. പാലക്കാട് ജില്ലയിൽ നിന്നും 14 പേർക്കും, കണ്ണൂർ ജില്ലയിൽ നിന്നും 7 പേർക്കും, തൃശ്ശൂർ ജില്ലയിൽ നിന്ന് 6 പേർക്കും, ആലപ്പുഴ ജില്ലയിൽ നിന്നും 3 പേർക്കും, പത്തനംതിട്ട, തിരുവനന്തപുരം, മലപ്പുറം ജില്ലകളിൽ നിന്നും 5 പേർക്ക് വീതവും, കാസർഗോഡ്, എറണാകുളം ജില്ലകളിൽ നിന്നും 4 പേർക്ക് വീതവും, കൊല്ലം, വയനാട് ജില്ലകളിൽ നിന്നും 2 പേർക്ക് വീതവും, കോട്ടയം, ഇടുക്കി, കോഴിക്കോട് ജില്ല കളിൽ നിന്നും ഓരോരുത്തർക്കു വീതവും, 2 എയർ ഇന്ത്യ ജീവനക്കാർക്കുമാണ് രോഗം സ്ഥിരീകരിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 10 പേരുടെ പരിശോധനാ ഫലം നെഗറ്റീവ് ആയിട്ടുണ്ട്. നിലവിൽ 577 പേർ രോഗം സ്ഥിരീകരിച്ച് ചികിത്സയിലാണ്. അതിനുശേഷം ആരോഗ്യവകുപ്പിന്റെ രോഗ നിയന്ത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ രാജൻ ഖോബ്രഗാഡെ വിശദീകരിക്കുകയുണ്ടായി

## ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. രാജൻ ഖോബ്രഗാഡെ ഐഎഎസ്

ഇന്ന് കേരളത്തിൽ 62 പേർക്ക് രോഗം സ്ഥിരീകരിച്ചു. ഇതുവരെ 1150 പേർക്കാണ് കേരളത്തിൽ കൊവിഡ് 19 രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. ഇന്ത്യയിൽ 165799 പേർക്ക് രോഗം സ്ഥിരീകരിച്ചത്. കേരളത്തിൽ നിലവിൽ 577 രോഗികളാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 565 പേർ ഇതുവരെ രോഗവിമുക്തി നേടിയിട്ടുണ്ട്. കേരളത്തിൽ ഇതുവരെ രോഗം സ്ഥിരീകരിച്ച 8 പേർ മരണമടഞ്ഞു. അതിനുശേഷം അദ്ദേഹം കോവിഡ്19 രോഗികളുടെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റിയും, കോവിഡ് ബാധിച്ച 7 പേർ ഐസിയുവിലാണുള്ളത് എന്നുള്ള കാര്യവും യോഗത്തെ അറിയിച്ചു. പോസിറ്റീവ് കേസുകളെപ്പറ്റി വിശദമായ ഒരു അവലോകനം അദ്ദേഹം നടത്തുകയുണ്ടായി. ചെക്ക്പോസ്റ്റുകളിൽകൂടിയും, കപ്പലിലൂടെയും, വിമാനങ്ങളിലൂടെയും കേരളത്തിലെത്തിയവരുടെ കണക്കും, അതിൽ വീടുകളിലും, ഇൻസ്റ്റിറ്റ്യൂഷനുകളിലും നിരീക്ഷണത്തിലുള്ളവരുടെയും അതിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടി കളുടെയും, ഗർഭിണികളുടെയും കണക്കും അദ്ദേഹം വിശദീകരിച്ചു.

ലാബുകളിൽ നടത്തിയ പരിശോധനകളുടെ വിശദാംശങ്ങൾ, സാധാരണ നടത്താറുള്ള പരിശോധന, സെന്റിനൽ സർവൈയിലൻസ്, ഓഗ്മെന്റഡ് സർവൈലൻസ് ജീൻ എക്സ്പർട്ട് എന്നിവ വഴി നടത്തിയ പരിശോധന വിവരങ്ങളും അദ്ദേഹം അറിയിക്കുകയുണ്ടായി. സ്വകാര്യ ലബോറട്ടറികളിൽ നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ അദ്ദേഹം പറഞ്ഞു. 24 മണിക്കൂറിൽ 2985 സാമ്പിളുകൾ പരിശോധിച്ച തിൽ ആണ് 62 ഫലം പോസിറ്റീവ് ആയത്. 93444 പിസിആർ കിറ്റുകളും, 117686 ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകളും, 118643 ഡാക്രോൺ സ്വാബുകളും സ്റ്റോക്കുണ്ട് എന്ന വിവരവും അദ്ദേഹം യോഗത്തെ ധരിപ്പിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മരണ രജിസ്ട്രേഷൻ അനുസരിച്ച് 2019 നെക്കാൾ 20562 മരണങ്ങൾ ജനുവരി 1 മുതൽ മെയ് 15 വരെയുള്ള രേഖകൾ പരിശോധിച്ചതിൽ നിന്നും അറിവായിട്ടുണ്ട്. ശ്വാസകോശസംബന്ധമായ അസുഖങ്ങളുടെ പി.ഇ.ഐ.ഡി സെൽ ഡേറ്റയും പരിശോധിച്ചു. ഇതും 2019 നെ അപേക്ഷിച്ച് കുറവാണ്. സ്വകാര്യ ലാബുകളിൽ 7015 സാമ്പിളുകൾ ടെസ്റ്റ് ചെയ്തതിൽ 4 സാമ്പിളുകൾ പോസിറ്റീവ് ആണ്.

**മെമ്പർ സെക്രട്ടറി, ദുരന്തനിവാരണ അതോറിറ്റി, ഡോ. ശേഖർ കുര്യാക്കോസ്**

നിലവിലെ കണക്കുകൾ അടിസ്ഥാനമാക്കിയുള്ള പഠനത്തിന്റെ സംക്ഷിപ്ത രൂപം അവതരിപ്പിച്ചു. കൂടാതെ പാലക്കാട്, കണ്ണൂർ ജില്ലകളിൽ കണ്ടെയിൻമെന്റ് സോണുകൾ വർദ്ധിച്ചു വരുന്നതിനാൽ ഈ ജില്ലകളിൽ താലൂക്ക് അടിസ്ഥാനമായി കണ്ടെയിൻമെന്റ് സോണുകൾ കണക്കാക്കുന്നതാണ് ഉചിതം. ഈ ജില്ലകളിൽ ലോക്ക ഡൗൺ കൂടുതൽ കർശനമാക്കേണ്ടതും ഉണ്ട്.

**വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ, ഡോ. ബി. ഇക്ബാൽ**

മഴക്കാല പകർച്ചവ്യാധികളുടെ നിയന്ത്രണത്തിന് കോവിഡ് വ്യാപന കാലത്ത് കൂടുതൽ പ്രാധാന്യം വന്നിട്ടുണ്ട്. പനി പ്രധാന രോഗലക്ഷണങ്ങളായിട്ടുള്ള ഡങ്കി, എലിപ്പനി, എച്ച്1 എൻ1 എന്നീ മൂന്ന് പകർച്ചവ്യാധികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയും കരുതലും ആവശ്യമാണ്.

**ഡെങ്കിപനി** ഈഡിസ് വിഭാഗത്തിൽപെട്ട കൊതുകുകളാണ് പരത്തുന്നത്. കെട്ടിക്കിടക്കുന്ന ശുദ്ധജലത്തിലാണ് കൊതുക് വളരുന്നത്. വീട്ടിലും ചുറ്റുപാടുമുള്ള കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കി കളയാനായി ഡ്രൈ ഡേ ഇടയ്ക്കിടെ ആചരിക്കേണ്ടതാണ്. ടെറസ്, പൂച്ചട്ടികൾ, വീടിന് ചുറ്റും അലക്ഷ്യമായിടാറുള്ള ടയർ, കുപ്പികൾ, ഫ്രിഡ്ജിലെ ട്രേ എന്നിവയിലെ വെള്ളം ഇടയ്ക്കിടെ നീക്കം ചെയ്യേണ്ടതാണ്. റബ്ബർ തോട്ടങ്ങളിലെ ചിരട്ടയിലെ വെള്ളം ഒഴിച്ച് കളഞ്ഞ് കമഴ്ത്തി വക്കണം.

**ഈഡിസ്** കൊതുകുകൾ വൈകുന്നേരങ്ങളിലാണ് വീട്ടിനുള്ളിലേക്ക് വരിക. വൈകുന്നരം മുതൽ രാവിലെ വരെ വാതിലും ജനാലകളും അടച്ചിടുകയും വീട്ടിൽ കഴിയുന്നവർ ശരീരം മുഴുവൻ മൂടുന്ന വസ്ത്രങ്ങൾ ധരിക്കുകയും പറ്റുമെങ്കിൽ കൊതുകുവല ഉപയോഗിക്കുകയും വേണം. ആരോഗ്യവകുപ്പും തദ്ദേശസ്വയം ഭരണവകുപ്പും നടത്തിവരുന്ന ഫോഗിങ്ങ് പ്രത്യേകിച്ച് രോഗം കണ്ടെത്തിയവരുടെ വീട്ടിൽ നടത്തിയിരിക്കേണ്ടതാണ്.

**എലിപ്പനി** എന്നാണ് വിളിക്കാറുള്ളതെങ്കിലും ലെപ്റ്റോ സ്പൈറോസിസ് കന്നുകാലികളുടെയും, പട്ടികളുടെയും, പന്നികളുടെയും മറ്റും മൂത്രത്തിലൂടെയും വ്യാപിക്കാം. കന്നുകാലികളെ സംരക്ഷിക്കുന്ന തൊഴുത്തുകളും പന്നി ഫാമുകളും വൃത്തിയായി സൂക്ഷിക്കുകയും അവരെ പരിപാലിക്കുന്നവർ ഗൺ ബൂട്ടുകളും കൈയുറകളും ധരിച്ചിരിക്കേണ്ടതുമാണ്. കന്നുകാലികളെ മഴക്കാലം കഴിഞ്ഞാൽ ഉടനെ വയലിൽ മേയാൻ വിടരുത്. തെരുവ് നായ്ക്കളെ അലഞ്ഞ് നടക്കാൻ അനുവദിക്കാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായേണ്ടതുണ്ട്.

പനിക്ക് പുറമേ പ്രത്യേകിച്ച് കാലുകളുടെ പേശീവേദന എലിപ്പനിയുടെ പ്രധാന രോഗലക്ഷണമാണ്. പനിയോടൊപ്പം കാലുകളുടെ പേശീവേദനയുള്ളവർ ഒട്ടും വൈകാതെ ആരോഗ്യ സേവനം തേടേണ്ടതാണ്. ചികിത്സക്ക് ഫലപ്രദമായ ആന്റി ബയോട്ടിക്കുകൾ ലഭ്യമാണ്.

വായുവിലൂടെ പകരുന്ന എച്ച്1 എൻ1 ഇപ്പോൾ എല്ലാവരും മാസ്ക് ഉപയോഗിക്കുന്നത് കൊണ്ട് കാര്യമായി പടരില്ലെന്ന് പ്രതീക്ഷിക്കാം. ചികിത്സക്കായി ആന്റി വൈറൽ ലഭ്യമാണ്.

പനി പ്രധാനമായും രോഗലക്ഷണമുള്ള രോഗങ്ങളുടെ പട്ടികയിൽ കോവിഡ് കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ഫീവർ പ്രോട്ടോക്കോൾ പുതുക്കേണ്ടതായിട്ടുണ്ട്. ഒരു ഫീവർ ആൽഗോരിതം/ഫ്ളോ ചാർട്ട് (Algorithm/Flow Chart) തയ്യാറാക്കുന്നത് നന്നായിരിക്കും. അതിനായി വിദഗ്ധസമിതി ശ്രമിക്കുന്നുണ്ട്. പനിയുമായി ആശുപത്രിയിലെത്തുന്നവരെ പ്രത്യേകമായി ഇരുത്തുകയും ആശുപത്രി പ്രവേശന കവാടത്തിൽവച്ചുതന്നെ വേർതിരിക്കേണ്ടതുമാണ് (Triaging).

കോവിഡ് നിയന്ത്രണത്തിൽ നേരിടുന്ന ഒരു പ്രധാന വെല്ലുവിളി ആന്റീബോഡി ടെസ്റ്റ് കിറ്റുകൾ ലഭിക്കുന്നില്ല എന്നതാണ്. നിലവിൽ അബോട്ട് എന്ന കമ്പനിയും റോഷ് എന്ന കമ്പനിയും ആന്റീബോഡി ടെസ്റ്റ് കിറ്റുകൾ നിർമ്മിക്കുന്നുണ്ട്. ഇതിൽ റോഷ് കമ്പനിയുടെ ആന്റീബോഡി ടെസ്റ്റ് കിറ്റുകൾ ആണ് മികച്ചത് എന്നാണ് അറിവായിട്ടുള്ളത്. ഇതിനെക്കുറിച്ച് പരിശോധിക്കാൻ ആരോഗ്യ വകുപ്പ് സെക്രട്ടറി ശ്രമിക്കുന്നുണ്ട്.

വിദഗ്ദ്ധസമിതി അഭിപ്രായപ്പെട്ടതുപോലെ റോഷ് കമ്പനിയുടെ 10000 ആന്റീബോഡി ടെസ്റ്റ് കിറ്റുകൾ വാങ്ങുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഐ.സി.എം. ആർ ന്റെ അനുമതികൂടി വേണം. എന്നാൽ ഒരു പരീക്ഷണാടിസ്ഥാനത്തിൽ 10000 ടെസ്റ്റ് കിറ്റുകൾ വാങ്ങാം എന്ന് ഈ യോഗ തീരുമാനമായി വന്നാൽ ടെസ്റ്റ് കിറ്റുകൾ വാങ്ങുന്നതിനുള്ള നടപടികൾ തുടങ്ങാവുന്നതാണ്. ഐ.സി.എം.ആർ ന്റെ അനുമതി ഇല്ലാത്ത കിറ്റുകൾ വാങ്ങുന്നത് എന്ന പ്രചരണം ഉണ്ടായാൽ സർവയിലൻസിന്റെ ഭാഗമായാണ് ഇത് വാങ്ങുന്നത് എന്ന് പറയാവുന്നതാണ് എന്ന് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

## പിന്നോക്ക വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
### ശ്രീ. ബിശ്വനാഥ് സിൻഹ ഐ എ എസ്

ഇന്ന് പകൽ ഒരു മണി വരെ മറ്റു സംസ്ഥാനങ്ങളിൽ നിന്നായി 110775 ആൾക്കാർ കേരള ത്തിൽ എത്തിയിട്ടുണ്ട്. ഇതിൽ 8133 പേർ ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻന്റെനിലാണ്. മലപ്പു റം, കണ്ണൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലാണ് ഇതിലധകം ആൾക്കാറുള്ളത്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വന്നവരിൽ ഇതുവരെ 318 പേർക്ക് രോഗ ബാധ സ്ഥിരീകരിച്ചി ട്ടുണ്ട്. റോഡ് മാർഗ്ഗം കേരളത്തിലേക്ക് വന്നതിൽ 0.25% ട്രെയിൻ മാർഗ്ഗം വന്നതിൽ 0.22% വും ആളുകൾക്ക് രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട്. മഹാരാഷ്ട്ര, തമിഴ്നാട് എന്നിവിടങ്ങ ളിൽ നിന്ന് വന്നവരിലാണ് കൂടുതലായി രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. മുംബൈ യിൽ നിന്നു വന്നവരുടെ വിവരങ്ങൾ പരിശോധിച്ചതിൽ നിന്ന് ഒരെ സ്ഥലങ്ങളിൽ നിന്ന് വന്നവരിൽ കൂടുതലായി രോഗബാധ ഉള്ളതായി സ്ഥിരീകരിച്ചിട്ടുണ്ട്. അതിഥി തൊഴിലാ ളികളെ അവരുടെ നാട്ടിലേക്ക് അയക്കുന്നതിൽ സുപ്രീം കോടതി ഒരു വിധി പുറപ്പെടുവി ച്ചിട്ടുണ്ട്. ആ വിധി അനുസരിച്ച് അതിഥി തൊഴിലാളികളുടെ ട്രെയിൻ ടിക്കറ്റിന്റെ ചിലവ് അവരിൽ നിന്ന് ഈടാക്കാൻ പാടുള്ളതല്ല. മറിച്ച് സംസ്ഥാനങ്ങൾ തമ്മിൽ ചർച്ച ചെയ്ത് ഈ തുക കണ്ടെത്തേണ്ടതാണ്. വെസ്റ്റ് ബംഗാൾ, ബീഹാർ, ജാർഘണ്ഡ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ഇങ്ങനെ ടിക്കറ്റ് ചിലവ് നൽകി തൊഴിലാളികളെ കൊണ്ടു പോകാൻ സമ്മതം അറിയിച്ചിട്ടുണ്ട്. കൂടാതെ ബീഹാറിലേക്ക് മടങ്ങുവാൻ ആഗ്രഹിക്കുന്ന എല്ലാ തൊഴിലാളികളെയും ജൂൺ 5 ന് മുൻപ് ബീഹാറിൽ എത്തിക്കണം എന്ന അഭ്യർത്ഥന ലഭിച്ചിട്ടുണ്ട്. ഇതിനായി നാളെ മുതൽ 10 ട്രെയിനുകൾ ബീഹാറി ലേക്ക് പുറപ്പെടും.

അതിഥി തൊഴിലാളികളെ അവരുടെ നാട്ടിലേക്ക് എത്തിക്കുന്നതിനുള്ള ബാധ്യത കേന്ദ്ര സർക്കാർ വഹിക്കണം എന്ന് കേരളം ആവശ്യപ്പെട്ടിരുന്നു. കേരളത്തിൽ താമസിക്കുന്ന എല്ലാ അതിഥി തൊഴിലാളികളുടെയും ഭക്ഷണത്തിന്റെയും ചിലവുകൾ കേരളം വഹിക്കു ന്നതാണ്. എന്നാൽ അവരെ നാട്ടിലേക്ക് അയക്കുന്ന ചിലവു കൂടി സംസ്ഥാനം വഹി ക്കണം എന്നത് അംഗീകരിക്കാവുന്നതല്ല. അതിനാൽ കാരണങ്ങളെല്ലാം ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാറിന് ഒരു നിവേദനം സമർപ്പിക്കേണ്ടതാണ് എന്ന് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി അറിയിച്ചു.

## പ്രിൻസിപ്പൽ സെക്രട്ടറി ഊർജ്ജവകുപ്പ്. ഡോ. ബി അശോക് ഐ എ എസ്

ആഗസ്റ്റ് അവസാനം ഓണം ആയതിനാൽ ഒരുപാട് ആളുകൾ നാട്ടിലേക്ക് വരും. ഇത് ഗതാഗതവകുപ്പ് മുൻകൂട്ടി കാണേണ്ടതാണ്. കഴിഞ്ഞ ദിവസം ജില്ലകളുടെ ഉത്തരവാദിത ത്തമുള്ള മന്ത്രിമാർ അവരവരുടെ ജില്ലകളിലെ പ്രളയ മുന്നൊരുക്കത്തെക്കുറിച്ച് പരിശോ ധിച്ചിരുന്നു. ചില ജില്ലകളിലെ ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗങ്ങൾ കൂടു കയോ, സ്റ്റോക്ക് എടുക്കുകയോ ചെയ്തിട്ടില്ല എന്ന് മനസ്സിലായിട്ടുണ്ട്. ഇതുമായി ബന്ധ പ്പെട്ട് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നത് ഉചിതമാകും.

**പ്രിൻസിപ്പൽ സെക്രട്ടറി പൊതുഭരണ വകുപ്പ് ശ്രീ.ജ്യോതിലാൽ ഐ എ എസ്.**

1920 ചരക്ക് വാഹനങ്ങൾ എത്തിയിട്ടുണ്ട്. മുട്ടയ്ക്കു മാത്രമേ സ്റ്റോക്ക് കുറവ് അനുഭവപ്പെടുന്നുള്ളൂ.

**ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി, ശ്രീ. വേണുഗാപാൽ ഐ എ എസ്**

ഭക്ഷ്യധാന്യങ്ങളുടെ നില തൃപ്തികരമാണ്. പച്ചക്കറികൾക്കു മാത്രം വിലക്കയറ്റം അനുഭവപ്പെടുന്നുണ്ട്. റേഷൻ വിതരണം സാധാരണ നിലയിൽ നടക്കുന്നുണ്ട്.

**പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്,**
**ശ്രീമതി ശാരദാ മുരളീധരൻ, ഐ എ എസ്**

മെയ് മാസം വരെയുള്ള മരണത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 20000 ത്തോളം കുറവുണ്ട്. എന്നാൽ മാർച്ച് മാസം മുതൽ രജിസ്ട്രേഷൻ കുറവാണ്. പരിശോധിച്ചതിൽ നിന്നും നൂറോളം രജിസ്ട്രേഷൻ മാത്രമേ നടന്നിട്ടുള്ളൂ എന്നത് കൂടി കണക്കിലെടുക്കേണ്ടതുണ്ട്. എലിപ്പനിയുടെ കാര്യത്തിൽ പ്രധാനമായും എൻ.ആർ.ഇ.ജി തൊഴിലാളികൾക്കാണ് രോഗബാധ ഉണ്ടാകുന്നത്. തൊഴിലുറപ്പിന് എത്തുന്ന എല്ലാ തൊഴിലാളികൾക്കും ഡോക്സിസൈക്ലിൻ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സഹായ ഹസ്തം പരിപാടിക്കുള്ള അപേക്ഷകൾ കൂടുതലും ബാങ്കുകളിൽ എത്തിയിട്ടുണ്ട്. എന്നാൽ ബാങ്കുകളിൽ നിന്നുള്ള പ്രതികരണം വളരെ മന്ദഗതിയിലാണ്. ബാങ്കുകാരുടെ ഒരു യോഗം വിളിച്ചു കൂട്ടി ഇതു സംസാരിക്കണം എന്ന് ജില്ലാഭരണകൂടങ്ങൾക്ക് നിർദ്ദേശം നൽകുന്നത് ഉചിതമായിരിക്കും.

**സംസ്ഥാന പോലീസ് മേധാവി, ശ്രീ. ലോക്നാഥ് ബഹ്റ ഐ പി എസ്**

ഇന്നത്തെ നില അനുസരിച്ച് കണ്ടെയിൻമെന്റ് സോണുകൾ 101 ആണ്. നിലവിലെ സാഹചര്യം കണക്കിലെടുക്കുകയാണെങ്കിൽ കണ്ടെയിൻമെന്റ് സോണുകളിൽ കർശന കർഫ്യൂ നടപ്പാക്കിയാൽ മാത്രമേ സ്ഥിതിഗതികൾ നിയന്ത്രിക്കാൻ സാധിക്കൂ. അങ്ങനെയാണെങ്കിൽ രോഗവ്യാപനം തടയാൻ സാധിക്കും. ക്വാറൻറ്റെനിൽ പോയ വ്യക്തിയുടെ പരിശോധനാഫലം ക്വാറൻറ്റെൻ അവസാനിച്ചതിനുശേഷം മാത്രമാണ് ലഭ്യമായത് എന്ന് ഒരു പരാതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കു നൽകുന്നതാണ്.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട് കോവിഡ് സെന്ററുകളിൽ അറ്റാച്ച്ഡ് ബാത്റൂം ഇല്ല, കോവിഡ് സെന്ററുകളിൽ വൃത്തിഹീനമായി കിടക്കുന്നു, വൃത്തിയുള്ള ബെഡ്ഡുകൾ, തലയിണ എന്നിവ ലഭ്യമല്ല, ഇലക്ട്രിസിറ്റി ഇല്ല, വെള്ളമില്ല, അന്തേവാസികൾക്ക് ഭക്ഷണം ലഭിക്കുന്നില്ല, ടിവി, പേപ്പർ ഇന്റർനെറ്റ് എന്നിവ ലഭിക്കുന്നില്ല എന്നീ പരാതികൾ ലഭിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ

നിന്നാണ് കൂടുതലായി പരാതികൾ ലഭിച്ചിട്ടുള്ളത്. ഇത് പരിശോധിക്കേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**

2. തിരുവനന്തപുരത്ത് ഇറങ്ങേണ്ടിയിരുന്ന വിമാനം കണ്ണൂർ ഇറങ്ങിയപ്പോൾ, ഇതിൽ യാത്ര ചെയ്ത് വന്നവരെ തൃശ്ശൂർ വരെ ഭക്ഷണം നൽകാതെ യാത്ര ചെയ്യിച്ചു എന്ന് പരാതി ലഭിച്ചിട്ടുണ്ട്. താജ്കിസ്ഥാനിൽ നിന്നും എത്തിയ വിദ്യാർത്ഥികളാണ് ഇവർ. ഇത് ഗൗരവമായി പരിശോധിക്കണം. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, ജില്ലാ കളക്ടർമാർ)**

3. കണ്ണൂരിൽ ഇറങ്ങിയ വരെ രാത്രിയിൽ ഹോട്ടലിൽ അയക്കുകയും എന്നാൽ ഹോട്ടലിൽ മുൻകൂട്ടി അറിയിക്കാതിരുന്നതിനാൽ ഇവരെ ആ ഹോട്ടലിൽ പാർപ്പിക്കാൻ വിസമ്മതിക്കുകയും ചെയ്തു. അവിടെനിന്ന് ഇവരെ പൂട്ടിക്കിടന്ന മറ്റൊരു സ്ഥലത്തേക്ക് അയക്കുകയുണ്ടായി. ഇത് നിലവിലെ സാഹചര്യങ്ങളെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട് അതിനാൽ ഇത് ശ്രദ്ധിക്കണം. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**

4. കൂടാതെ കോവിഡ് സെന്ററുകളിൽ മാലിന്യ സംസ്കരണം നടക്കുന്നില്ല എന്ന പരാതി ലഭിചിട്ടുണ്ട്. കാസറഗോഡ്, ആലപ്പുഴ, തിരുവനന്തപുരം, പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ നിന്നാണ് ഇത് ശ്രദ്ധയിൽപ്പെട്ടത്. ഇത് പരിശോധിക്കണം. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**

5. രോഗവ്യാപനം പുറത്തു നിന്ന് വരുന്നവരിലാണ് കൂടുതലായി കണ്ടിട്ടുള്ളത്. സമ്പർക്കത്തിലൂടെ കൂടുതൽ രോഗബാധ ഉണ്ടാവുകയാണെങ്കിൽ കർശന നടപടി സ്വീകരിക്കേണ്ടതാണ്. കണ്ണൂർ ജില്ലയിൽ 20 ശതമാനത്തോളം രോഗബാധ സമ്പർക്കത്തിലൂടെയാണ്. അതിനാൽ ഇവിടെ കൂടുതൽ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്, ജില്ലാ കളക്ടർമാർ)**

6. ചില ജില്ലകളിൽ 60 വയസ്സ് കഴിഞ്ഞവരെയും ചില ജില്ലകളിൽ 70 വയസ്സു കഴിഞ്ഞവരെയുമാണ് ഹോം ക്വാറന്റയിനിൽ വിടുന്നത്. ഇതിന് വ്യക്തത വരുത്തേണ്ടത് ആവശ്യമാണ്. **(ചുമതല - പൊതുഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**

7. ഡൽഹിയിൽനിന്ന് തിരുവനന്തപുരത്തെത്തിയ തമിഴ്നാട് സ്വദേശികളെ തമിഴ്നാട്ടിലേയ്ക്ക് കടക്കാൻ അവർ അനുവദിച്ചില്ല എന്ന് പരാതി ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കന്യാകുമാരി കളക്ടർമായും തമിഴ്നാട് സ്റ്റേറ്റ് നോഡൽ ഓഫീസറുമായും സംസാരിച്ചു. ഇതിനെ തുടർന്ന് ഇവരെ നാട്ടിലേക്ക് പോകാൻ അനുവദിച്ചു എന്ന് നോഡൽ ഓഫീസർ അറിയിച്ചു.


8. തൊഴിലുറപ്പിന് ഇറങ്ങുന്നവർ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**

9. റേഷൻകടയിൽ പഞ്ചിങ് വഴി രോഗം വ്യാപിക്കാൻ സാധ്യതയുണ്ട്. ഒറ്റപ്പാലത്ത് ക്വാറന്റയിനിൽ ഉണ്ടായിരുന്ന ഒരാൾ ബയോമെട്രിക് സംവിധാനം ഉപയോഗിച്ച് റേഷൻ വാങ്ങിയതിനാലാണ് ഇങ്ങനെ ഒരു പരാതി ഉയർന്നത്. ഇതിനെ ത്തുടർന്ന് ബയോമെട്രിക് പഞ്ചിംഗ് നിർത്തി. എന്നാൽ പോർട്ടബിലിറ്റി ബയോമെട്രിക് പഞ്ചിങ് ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്ന് സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി അറിയിച്ചു. **(ചുമതല - സിവിൽ സപ്ലൈസ് വകുപ്പ്)**

10. കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം കഴിഞ്ഞതിനുശേഷം കൂടുതൽ തീരുമാനങ്ങൾ എടുക്കാം. അതിനായി ജൂൺ ഒന്നിന് അടുത്ത യോഗം ചേരാം.

11. സർവീസിൽ നിന്നും വിരമിക്കുന്ന ചീഫ് സെക്രട്ടറി ശ്രീ ടോം ജോസ്, ഡയറക്ടർ ജനറൽ ഫയർ ആന്റ് റെസ്ക്യൂ ശ്രീ ഹേമചന്ദ്രൻ എന്നിവർ വിവിധ ചുമതലകൾ ഫലപ്രദമായി നിർവ്വഹിച്ചവരാണ്. വിരമിക്കലിനു ശേഷമുള്ള ജീവിതത്തിനു എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

യോഗം 5.10 ന് അവസാനിച്ചു.



അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
4. സ്റ്റേറ്റ് പോലീസ് ചീഫ്
5. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
7. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
8. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
11. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
12. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
14. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം വകുപ്പ്
15. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
17. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
18. സെക്രട്ടറി, ധനകാര്യം
19. സെക്രട്ടറി, ഊർജ്ജ വകുപ്പ്
20. സെക്രട്ടറി, ടൂറിസം വകുപ്പ്
21. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
22. സെക്രട്ടറി, വ്യവസായ വകുപ്പ്
23. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ